## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 582

24.01.2018 ൽ മറുപടിക്ക്

### തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. മമ്മുട്ടി<br>ശ്രീ. പി. കെ. അബ്ദുറബ്ബ്<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. ഡോ. എം. കെ. മുനീർ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ പ്രവർത്തനം ഇപ്പോൾ ഏത ഘട്ടത്തിലാണ് ; | (എ) | തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അതിവേഗത്തിൽ പുരോഗമിക്കുകയാണ്. ലഭ്യമായ ഭൂമിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, ഇതിൽ റോഡ്, ഡ്രെയിനേജ് സംവിധാനം , മഴവെള്ള സംഭരണി എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി, ജലം എന്നിവ ലഭ്യമാക്കുന്നതിലേയ്ക്ക് വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മരുന്നു ഗവേഷണവുമായി ബന്ധപ്പെട്ട് ഒരു കമ്പനി ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള വെറ്ററിനറി & ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ റിസർച്ച് -കം-ലേണിങ്ങ് സെന്റർ ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനം ആരംഭിക്കും. കൂടാതെ ഏകദേശം 3 ലക്ഷം ചതുരശ്ര അടി വരുന്ന ഇന്നൊവേഷൻ കം ഇൻകുബേഷൻ സെന്ററിന്റെ നിർമ്മാണവും ആരംഭിക്കുന്നുണ്ട്. കെ എസ് ഐ ഡി സി യും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക് നോളജിയും ചേർന്ന് ജോയിന്റ് വെഞ്ചർ പ്രോജക്ട് ആയ "മെഡിക്കൽ ഡിവൈസസ് പാർക്കും " കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക് |

| | | | |
|---|---|---|---|
| | | | നോളജി & എൻവയോൺമെന്റിന്റെ "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി" എന്നിവയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ 2018 ൽ തന്നെ ആരംഭിക്കുന്നതാണ്. |
| (ബി) | ഇതിനായി സ്ഥലം വിട്ടുനൽകിയവർക്ക് നൽകാനുള്ള തുക നൽകിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) | ലൈഫ് സയൻസ് പാർക്കിനുവേണ്ടി ഒന്നാം ഘട്ടത്തിൽ 75 ഏക്കറിൽ 70 ഏക്കറോളം ഭൂമി കൈവശമെടുക്കുകയും, സ്ഥലം വിട്ടുനൽകിയവർക്ക് സ്ഥലത്തിന്റെ വില നൽകുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ ഏകദേശം 90 ഏക്കറോളം ഭൂമി വിട്ടുനൽകിയവർക്ക് സ്ഥലത്തിന്റെ വില ട്രഷറിയിലിടുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനം നിലവിൽ വരുന്നതോടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ? | (സി) | ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാവുമ്പോഴേക്കും ഉദ്ദേശം 3000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ